II ഇ.ബി. XII - കേരള നിയമസഭ/VII-9

## പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

## ചോദ്യോത്തരങ്ങൾ-സംഗ്രഹം

2008 മാർച്ച് 14, വെള്ളി

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

**28 (*241)** ഫുഡ് സെക്യൂരിറ്റി മിഷൻ

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ) നൽകിയ മറുപടിയിൽ, കേന്ദ്രാവിഷ്കൃത പദ്ധതിയായ ഫുഡ് സെക്യൂരിറ്റി മിഷനിൽ കേരളത്തിലെ പാലക്കാട് ജില്ലയെ നെൽവിളയുടെ കീഴിൽ ഇപ്പോൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. നൃൂതന സാങ്കേതിക വിദ്യകളുടെയും സങ്കരയിനം നെല്ലിന്റെയും ഡെമോൺസ്ട്രേഷൻ, ഹൈബ്രിഡ് നെല്ലുൽപ്പാദനം, സൂക്ഷ്മ മൂലകങ്ങൾക്കും കുമ്മായത്തിനും കീടനാശിനികൾക്കും കർഷക പരിശീലനത്തിനും മറ്റുമുള്ള സഹായം എന്നിവയാണ് ഈ സ്കീം അനുസരിച്ചുള്ള പ്രധാന ആനുകൂല്യങ്ങൾ. കേന്ദ്ര സർക്കാർ ഈ പദ്ധതി പ്രഖ്യാപിച്ചപ്പോൾ കേരളത്തെ ഉൾപ്പെടുത്തിയിരുന്നില്ല. സംസ്ഥാന സർക്കാർ കേന്ദ്രത്തിൽ വളരെയധികം സമ്മർദ്ദം ചെലുത്തിയതിന്റെ ഫലമായിട്ടാണ് പാലക്കാട് ജില്ലയെ നെൽവിളയുടെ കീഴിൽ ഉൾപ്പെടുത്തിയത്. സംസ്ഥാന കൃഷി മന്ത്രി കേന്ദ്ര കൃഷി മന്ത്രിയേയും മറ്റും നേരിട്ടുകണ്ട് നിവേദനം നൽകിയിരുന്നു. ആലപ്പുഴ, തൃശൂർ ജില്ലകളെക്കൂടി

ഈ സ്കീമിൽ ഉൾപ്പെടുത്തണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. നെല്ല്, പയർ വർഗ്ഗങ്ങൾ, ഗോതമ്പ് എന്നീ മൂന്ന് വിളകളുടെ കാര്യത്തിലാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. ഒരു ജില്ലയിൽ 50000 ഹെക്ടറിൽ കുറയാത്ത പ്രദേശത്ത് ഒരുമിച്ച് കൃഷി ചെയ്യേണ്ടതുണ്ട്; സംസ്ഥാന ശരാശരിയിലോ ദേശീയ ശരാശരിയിലോ ഉൽപാദനത്തിന്റെ താഴെയായിരിക്കണം എന്നൊക്കെയുള്ള ഉപാധികൾ ഇതിന് വച്ചിട്ടുണ്ട്. ഏറ്റവും കുറഞ്ഞ അളവിൽ നെൽക്കൃഷി ചെയ്യുന്ന സംസ്ഥാനങ്ങളിലൊന്നാണ് കേരളം. നെല്ലിന്റെ കാര്യത്തിൽ ദേശീയമായി നോക്കുമ്പോൾ .6 ശതമാനം ഉൽപ്പാദനമാണ് കേരളത്തിലുള്ളത്. ഈ ഗവണ്മെന്റ് വന്നതിനുശേഷം നെൽക്കൃഷി സംരക്ഷിക്കുന്നതിന് ധാരാളം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ വർഷംതന്നെ പാലക്കാട് ജില്ലയിൽ ജില്ലാ സഹകരണബാങ്കുമായി ബന്ധപ്പെട്ട് 5 കോടിയിലധികം രൂപ പലിശരഹിത വായ്പയായി നെൽക്കർഷകർക്ക് കൊടുത്തിട്ടുണ്ട്. തൃശ്ശൂർ കോൾ മേഖലയ്ക്കും കുട്ടനാട് മേഖലയ്ക്കുംകൂടി ഈ പലിശരഹിത വായ്പ ജില്ലാ സഹകരണബാങ്ക് മുഖേന നടപ്പാക്കുന്ന കാര്യം ഗവണ്മെന്റിന്റെ സജീവ പരിഗണനയിലാണ്. 4 ശതമാനം പലിശയ്ക്ക് കേരളത്തിലെവിടേയും കാർഷികവായ്പ കൊടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇൻഡ്യയിൽത്തന്നെ ഏറ്റവും കൂടിയ വിലയായ 9 രൂപ ഒരു കിലോ നെല്ലിന് നിശ്ചയിച്ചിട്ടുണ്ട്. ആവശ്യമെങ്കിൽ ഈ വില ഇനിയും കൂട്ടാൻ ഗവണ്മെന്റ് തയ്യാറാണ്. സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ട് മുഖവിലയ്ക്കെടുത്ത് 50000 ഹെക്ടറിൽ കൂടുതൽ കൃഷിസ്ഥലമുള്ള സമഗ്ര കുട്ടനാടിനെക്കൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് ഉദ്ദേശിക്കുന്നുണ്ട്.

പാലക്കാട് ജില്ലയ്ക്കുവേണ്ടി കേന്ദ്രഗവണ്മെന്റ് ഒരു കോടി പതിമൂന്ന് ലക്ഷം രൂപയാണ് അനുവദിക്കാമെന്നു പറഞ്ഞിട്ടുള്ളത്. 486 ഹെക്ടർ പ്രദേശത്തു മാത്രം നടപ്പാക്കാവുന്ന തരത്തിലാണ് ആ തുക തന്നിട്ടുള്ളത്. കേരളാ ഗവണ്മെന്റ് 5 കോടി രൂപയുടെ പദ്ധതിയാണ് സമർപ്പിക്കാൻ ഉദ്ദേശിക്കുന്നത്. സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ട് പ്രകാരമുള്ള പദ്ധതിയുടെ കാര്യത്തിൽ കേന്ദ്ര കൃഷി വകുപ്പ് കേരളത്തിലെ കാബിനറ്റിൽ സമർപ്പിക്കുന്നതിന് ഒരു രേഖ തന്നിട്ടുണ്ട്. അതിന് അനുവാദം കൊടുത്തിട്ടുണ്ട്. കേന്ദ്ര കാബിനറ്റിനു മുമ്പിൽ കേന്ദ്ര കൃഷി മന്ത്രാലയം തന്നെ സമർപ്പിക്കാൻ തയ്യാറെടുത്ത ഒരു പ്രോജക്ടാണ്. ഭക്ഷ്യ സുരക്ഷയുടെ കാര്യത്തിൽ കേരളം ഒരു ക്രൈസിസ് നേരിട്ടപ്പോഴാണ് ഈ പദ്ധതി 2007 സെപ്റ്റംബർ മാസത്തിൽ കേന്ദ്രം പ്രഖ്യാപിച്ചത്. 2011-2012 ഓടുകൂടി നെല്ല്, ഗോതമ്പ്, പയർ വർഗ്ഗങ്ങൾ എന്നിവയുടെ കാര്യത്തിൽ യഥാക്രമം 10 മില്യൻ ടൺ, 8 മില്യൻ ടൺ, 2 മില്യൻ ടൺ ഉൽപ്പാദന വർദ്ധനവ് ലക്ഷ്യമിട്ടുകൊണ്ട് ഈ മൂന്ന് മേഖലയെ മാത്രം പ്രതിനിധീകരിക്കുന്ന ഒരു പദ്ധതിയാണിത്. നെൽക്കർഷകരുടെ ആനുകൂല്യങ്ങൾ അവർക്കുതന്നെ ലഭിക്കത്തക്കവിധത്തിൽ ഒരു ഗ്രീൻകാർഡ് കൊടുക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ആലപ്പുഴ ജില്ലയിലുൾപ്പെടുന്ന അരൂർ പ്രദേശത്തെ പൊക്കാളി നിലങ്ങളും സമഗ്ര കുട്ടനാട് പദ്ധതിയിൽ ഉൾപ്പെടും. 11 കംപോണന്റായിട്ടാണ് പാലക്കാട് ജില്ലയ്ക്ക് തുക അനുവദിച്ചിട്ടുള്ളത്. ഉൽപാദനവും ഉൽപാദനക്ഷമതയും വർദ്ധിപ്പിക്കുക, കൃഷിയിടങ്ങൾ കുറയാതിരിക്കുക, മൊത്തം കർഷകർക്ക് ശാസ്ത്രീയമായ നിർദ്ദേശങ്ങൾ സമയാസമയങ്ങളിൽ നൽകുക, തനതായ

വിത്തിനങ്ങൾ നൽകുക മുതലായവയാണ് ഈ പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. ഈ പദ്ധതി പാലക്കാട് ജില്ലയിൽ കേന്ദ്രഗവണ്മെന്റ് നടപ്പാക്കുന്നതിനുപുറമെ മറ്റ് ജില്ലകളിൽ സംസ്ഥാന ഗവണ്മെന്റും നടപ്പാക്കാൻ ശ്രമിക്കും. അതിൽ കോഴിക്കോട് ജില്ലയേയും ഉൾപ്പെടുത്തും. തൃശ്ശൂർ കോൾ വികസന ഏജൻസി തൊണ്ണൂറിലധികം കോടി രൂപയുടെ ഇരിപ്പൂ കൃഷി ചെയ്യാവുന്ന തരത്തിൽ സമർപ്പിച്ചിട്ടുള്ള പദ്ധതി ഗവണ്മെന്റിന്റെ പരിഗണനയിലാണ്. ഭക്ഷ്യമേഖലയിൽ 4 ശതമാനം വളർച്ചാ നിരക്ക് ഉണ്ടായില്ലെങ്കിൽ ഭക്ഷ്യസുരക്ഷാ മേഖലയായി ഇൻഡ്യയെ നിലനിർത്താൻ പ്രയാസമാണ് എന്നാണ് കേരളം ലക്ഷ്യമിടുന്നത്. മൂന്ന് വർഷംകൊണ്ട് ഇത് ഉറപ്പാക്കുക എന്നുള്ളതാണ്. അതായത് നെല്ലുൽപ്പാദനം 2.3 ടൺ എന്നത് 5 ടൺ എങ്കിലും ആക്കണം. ഭക്ഷ്യ സുരക്ഷാ പദ്ധതിയോ സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ടോ നടപ്പാക്കിയാൽ മാത്രമേ കുട്ടനാട് കൃഷിമേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കാനാകൂ. സമഗ്ര നെൽക്കൃഷി വർദ്ധനവിനുവേണ്ടി കാർഷിക യൂണിവേഴ്സിറ്റിയുമായി ചേർന്ന് കേരളത്തിൽ ഒരു പദ്ധതി സ്വരൂപിച്ചിട്ടുണ്ട്. വരുന്ന വർഷം അത് നടപ്പാക്കുന്നതാണ്. കേരളത്തിന്റെ പ്രത്യേകതകളും മറ്റും അനുസരിച്ച് കേന്ദ്രാവിഷ്കൃത പദ്ധതികൾ പലതും ഇവിടെ നടപ്പാക്കാൻ പ്രയാസമാണ്. കേരളത്തിന്റെ ഈ പ്രത്യേകതകൾ മനസ്സിലാക്കി സംസ്ഥാനത്തിന് രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതിയിൽ ഒരു പദ്ധതി ആവിഷ്ക്കരിക്കുന്നതിന് അനുവാദം തന്നിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതി നടപ്പിലാക്കുന്നതിനും അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ അന്വേഷിക്കുന്നതിനും കൃഷിവകുപ്പ് ഒരു പ്രത്യേക സംവിധാനമുണ്ടാക്കും. കേരളത്തിലെ തരിശായി കിടക്കുന്ന കൃഷിഭൂമികൾ കൃഷി

ചെയ്യാനായി സമഗ്രമായ ഒരു പദ്ധതി കാർഷിക യൂണിവേഴ്സിറ്റിയിലെ വിദഗ്ദ്ധരുമായി ബന്ധപ്പെട്ടുകൊണ്ട് രൂപീകരിച്ചിട്ടുണ്ട്. ത്രിതല പഞ്ചായത്ത് സംവിധാനങ്ങളുടേയും കൃഷി വകുപ്പിന്റേയും എല്ലാവരുടേയും സഹകരണ മുണ്ടെങ്കിൽ അത് സാധ്യമാകും. ഒരു മിൽ പ്രവർത്തിപ്പിക്കാനാവശ്യമായ നെല്ല് ഉൽപ്പാദിപ്പിക്കാൻ മലപ്പുറം ജില്ലയ്ക്ക് കഴിഞ്ഞാൽ അവിടെ മിൽ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. കുറഞ്ഞ വരുമാനക്കാരെ കേന്ദ്രം ആവിഷ്ക്കരിച്ച പ്രത്യേക തൊഴിലുറപ്പു പദ്ധതിയിൽപ്പെടുത്തി മെച്ചപ്പെട്ട വേതനം കൊടുക്കാവുന്നതാണ്. നെൽക്കൃഷിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹരിക്കുന്നതാണ്. നെല്ലിന്റെ ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കാനായി കാർഷിക മേഖലയിൽ ചെറുകിട യന്ത്രവൽക്കര ണത്തിന്റെ ഒരു സുലഭമായ മേഖല ഉണ്ടാക്കേണ്ടത് ആവശ്യമാണ്. ഉള്ള യന്ത്രങ്ങൾ ഉപയോഗിക്കാനും പുതിയവ ഉണ്ടാക്കാനുമുള്ള പദ്ധതികളും നടപ്പിലാക്കുന്നതാണെന്ന് ഒരുപചോദ്യത്തിനുത്തരമായി മന്ത്രി വ്യക്തമാക്കി.

29 (*242) <u>തൊഴിലാളികളുടെ മിനിമം വേതനം</u>

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ.പി.കെ.ഗുരുദാസൻ) നൽകിയ മറുപടിയിൽ, മിനിമം വേതനം നിശ്ചയിക്കേണ്ടതായ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള തൊഴിൽ മേഖലകളിൽ വേതനം നിശ്ചയിക്കുന്നതിനും മിനിമം വേതനം നിശ്ചയിച്ചശേഷം 5 വർഷക്കാലാവധി ആയ മേഖലകളിൽ പുതുക്കി നിശ്ചയിക്കുന്നതിനുമുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. ഈ സർക്കാർ അധികാരത്തിൽ വന്നതി നുശേഷം ഇപ്രകാരം കശുവണ്ടി വ്യവസായത്തിലും ഓയിൽ പാം വ്യവസാ യത്തിലും ഉള്ള തൊഴിലാളികൾക്കും മിനിമം വേതനം പുതുക്കി നിശ്ചയിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഖാദി വ്യവസായത്തിലും

ഫാർമസ്യൂട്ടിക്കൽസ് ആന്റ് സെയിൽസ് പ്രൊമോഷൻ എംപ്ലോയീസിനും മിനിമം വേതനം നിശ്ചയിക്കുന്നതിനും കളള് ചെത്ത് മേഖല, കടകളും വാണിജ്യ സ്ഥാപനങ്ങളും, സ്വകാര്യ ആശുപത്രി, കൈത്തറി വ്യവസായം, എന്നീ മേഖലകളിലെ തൊഴിലാളികൾക്ക് മിനിമം വേതനം പുതുക്കി നിശ്ചയി ക്കുന്നതിനും കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പ്രിന്റിംഗ് മേഖലയിലെ മിനിമം വേതനം പുതുക്കുന്നതിന് കമ്മിറ്റി രൂപീകരിച്ച് ഉടൻ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. ടിംബർ പ്ലൈവുഡ്, ലൈറ്റ് മോട്ടോർ വെഹിക്കിൾ, ഓടു വ്യവസായം, ആയുർവേദ അലോപ്പതി മരുന്നു വ്യാപാരം, ഓയിൽ മില്ലുകൾ എന്നിവിടങ്ങളിലെ തൊഴിലാളികൾക്ക് വിജ്ഞാപനം മുഖാന്തിരം മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനും സ്വകാര്യ തോട്ടം മേഖലയിലെ സ്റ്റാഫിന് മിനിമം വേതനം നിശ്ചയിക്കുന്നതിനുള്ള പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. കൂടാതെ സ്വർണ്ണം/വെള്ളി ആഭരണ നിർമ്മാണ തൊഴിലാളികൾ, കമ്പ്യൂട്ടർ സോഫ്റ്റ് വെയർ, ഗാർഹിക തൊഴിലാളികൾ, മദ്യവ്യവസായ വിൽപ്പന മേഖല, ഗാർമെന്റ് ഇൻഡ്സട്രി, ഫിഷ് പ്രോസ്സസ്സിംഗ് ഇൻഡസ്ട്രി, റബ്ബർ ക്രീപ് മിൽ, ഹോസ്റ്റൽ ജീവനക്കാർ, കുടനിർമ്മാണം, എൽ.പി.ജി. (പാചക വാതക) ഏജൻസികൾ, മൈനർ എഞ്ചിനീയറിംഗ് വ്യവസായം, ചലച്ചിത്ര/ടെലിഫിലിം മേഖല, സെക്യൂരിറ്റി ജീവനക്കാർ, സോപ്പ് നിർമ്മാണ മേഖല, ഹാൻഡി ക്രാഫ്റ്റ് മേഖല, ലക്ഷ്വറി ഹോട്ടൽ, ഫർണിച്ചർ ഇൻഡസ്ട്രി എന്നീ 17 മേഖല കളിൽ മിനിമം വേതനം പുതുക്കുന്നതിനുള്ള നടപടികളാരംഭിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഖാദി വ്യവസായം, സെയിൽസ് പ്രൊമോഷൻ ഇൻ ഫാർമസ്യൂട്ടിക്കൽസ് എന്നീ തൊഴിൽ മേഖലകളിൽ

മിനിമം വേതനം നിശ്ചയിക്കുന്നതിനും കള്ളുചെത്ത് വ്യവസായം, കടകളും വാണിജ്യ സ്ഥാപനങ്ങളും, കൈത്തറി വ്യവസായം, സ്വകാര്യ ആശുപത്രികൾ എന്നീ തൊഴിൽ മേഖലകളിൽ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനും കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. പ്രിന്റിംഗ് മേഖലയിലെ മിനിമം വേതനം നിശ്ചയിക്കുന്നതിനുള്ള കമ്മിറ്റി ഉടൻ രൂപീകരിക്കും. 1948 - ലെ മിനിമം വേതന നിയമം അനുസരിച്ച് മിനിമം വേതനം നിശ്ചയിച്ചുകൊണ്ടുള്ള വിജ്ഞാപനത്തിന്റെ 5 വർഷ കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് കരട് വിജ്ഞാപനം വഴി പരാതികളും അപേക്ഷകളും ശേഖരിച്ച് മിനിമം വേജസ് അഡ്വൈസറി കമ്മിറ്റിയുടെ തീരുമാനപ്രകാരമുള്ള വിജ്ഞാപനം വഴിയും മിനിമം വേതന കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും ബന്ധപ്പെട്ട തൊഴിൽ മേഖലകളിൽ മിനിമം വേതനം പുതുക്കി നിശ്ചയിച്ചുവരുന്നു. മിനിമം വേതന നിയമത്തിന്റെ പട്ടികയിൽ ഉൾപ്പെടുന്ന തൊഴിൽ മേഖലകളിലാണ് മിനിമം വേതന നിയമമനുസരിച്ച് കുറഞ്ഞ കൂലി നിശ്ചയിച്ചുകൊണ്ടുള്ള ഉത്തരവുകൾ പുറപ്പെടുവിക്കുന്നത്. പട്ടികയിൽപ്പെടാത്തവർക്ക് തൃകക്ഷി ചർച്ചകളിൽക്കൂടി എഗ്രിമെന്റ് ഉണ്ടാക്കി വേതനം പുനർനിർണ്ണയിക്കുന്നു. ഫെയർ വേജസ് നിയമപ്രകാരവും വേതനം നിശ്ചയിക്കുന്നു. 2006 ഫെബ്രുവരിയിലാണ് തോട്ടം തൊഴിലാളികൾക്ക് ഗവണ്മെന്റ് മിനിമം വേജസ് നിശ്ചയിച്ചത്. പ്ളാന്റേഴ്സിന്റെ പരാതിയെത്തുടർന്ന് ഹൈക്കോടതി അത് സ്റ്റേ ചെയ്തുവെങ്കിലും എല്ലാ വിഭാഗം തൊഴിലാളികൾക്കും മിനിമം വേജസ് നടപ്പിലാക്കിയിട്ടുണ്ട്. അതിന്റെ കാലാവധി 2008 മാർച്ച് 31-ന് അവസാനിക്കും. പുതിയ മിനിമം വേജസ് നിശ്ചയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു തുടങ്ങിയിട്ടുണ്ട്.

തേയിലത്തോട്ടം മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കേണ്ടത് കേന്ദ്ര ഗവണ്മെന്റിന്റെ നിയന്ത്രണത്തിലുള്ള റ്റീ ബോർഡാണ്. കുറെ തേയില സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി വിൽപ്പന നടത്തി സഹായിക്കണമെന്ന് ബന്ധപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കൈത്തറി തൊഴിലാളികളുടെ മിനിമം കൂലി പുതുക്കി നിശ്ചയിക്കാനുള്ള കമ്മിറ്റിയുടെ പ്രവർത്തനം പൂർത്തിയായിക്കൊണ്ടിരിക്കുകയാണ്. മിനിമം വേതനത്തിന്റെ പരിധിയിൽ വരാത്ത തൊഴിലാളികളേയും കൂടി ഇതിന്റെ പരിധിയിൽ കൊണ്ടുവരുന്ന കാര്യം ബന്ധപ്പെട്ട തൊഴിലാളി സംഘടനകൾ ഉന്നയിക്കുക യാണെങ്കിൽ നടപടി സ്വീകരിക്കുന്നതാണ്. 8 മണിക്കൂർ ജോലി സമയം എന്നത് 10 മണിക്കൂർ ആക്കാൻ കേരളത്തിലോ ഇൻഡ്യയിലോ അനുവദി ക്കുകയില്ല. കെ.എസ്.ആർ.ടി.സി.യിലെ കാഷ്വൽ വർക്കേഴ്സിന് ശംപളം വർദ്ധിപ്പിക്കുന്ന കാര്യം ആലോചിക്കുന്നതാണ്. ഐ.ടി. മേഖലയിലെ തൊഴിലാളികളുടെ സംഘടനകൾ ഉന്നയിക്കുകയാണെങ്കിൽ അവരുടേയും മിനിമം വേജസും സേവനവേതന വ്യവസ്ഥകളും പുതുക്കി നിശ്ചയിക്കുന്ന തിന് ഗവണ്മെന്റ് മുൻകൈയെടുക്കുന്നതാണ്. ആഭരണ നിർമ്മാണ തൊഴിലാ ളികളുടെ മിനിമം വേജസ് പുതുക്കുന്നതിന് ഒരു കരട് വിജ്ഞാപനം തയ്യാറാക്കി വരികയാണ്. അവരുടെ തൊഴിലാളി സംഘടനകളുടേയും ഉടമക ളുടേയും പരാതികൾ കേട്ടതിനുശേഷം മിനിമം വേജസ് അഡ്വൈസറി കമ്മിറ്റി വിശദമായി പരിശോധിച്ച് എത്രയും പെട്ടെന്ന് അവസാന തീരുമാനം കൈക്കൊണ്ട് അത് നോട്ടിഫൈ ചെയ്യുന്നതായിരിക്കും. സെക്യൂരിറ്റി ജീവനക്കാർക്കും ഹോം നഴ്സുമാർക്കും ഗാർഹിക തൊഴിലാളികൾക്കും ഷോപ്പുകളിലെ ജീവനക്കാർക്കും മിനിമം വേജസ് പുതുക്കി നിശ്ചയിക്കാ

നുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. 5 വർഷത്തിലൊരിക്കലാണ് മിനിമം വേജസ് പുതുക്കി നിശ്ചയിക്കുന്നത്. അത് വർഷത്തിലൊരിക്കലാക്കണമെന്ന് ബന്ധപ്പെട്ട തൊഴിലാളി സംഘടനകൾ തൃകക്ഷി സമ്മേളനം നടത്തി ആവശ്യപ്പെടുകയാണെങ്കിൽ ഗവണ്മെന്റ് മുൻകൈയെടുത്ത് നടപ്പിലാക്കാൻ ശ്രമിക്കുന്നതാണ്. കേരളത്തിൽ നിലവിലുള്ള നിയമങ്ങളെല്ലാം നടപ്പിലാക്കുന്ന എൻഫോഴ്സ്മെന്റ് വിഭാഗത്തെ കൂടുതൽ ഊർജ്ജസ്വലമാക്കാനുള്ള നടപടികളും ഗവണ്മെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. അതിന് തൊഴിലാളി സംഘടനകളുടേയും എം.എൽ.എ.മാരുടേയുമൊക്ക സഹകരണം ആവശ്യമാണ്. പീരുമേട്ടിൽ ഉൾപ്പെടെ അടച്ചിട്ടിരിക്കുന്ന തോട്ടം തൊഴിലാളികളുടെ ശമ്പളക്കുടിശ്ശിക കൊടുത്തു തീർക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. ഫെയർ വേജസ് ഏതെല്ലാം വിഭാഗങ്ങളിൽ ഉൾപ്പെടുത്തണമെന്ന കാര്യത്തിൽ നിലവിലുള്ള നിയമവ്യവസ്ഥകൾ പരിശോധിച്ച് വിശദമായ പഠനം നടത്തേണ്ടതുണ്ട്. പത്രവിതരണക്കാർക്ക് പ്രത്യേക ക്ഷേമനിധി ഏർപ്പെടുത്തണമെന്ന ആവശ്യം ഉന്നയിച്ചിട്ടുണ്ട്. പത്രപ്രവർത്തകരുടെ ട്രേഡ് യൂണിയൻ ആവശ്യപ്പെട്ടാൽ അവർക്ക് മിനിമം വേജസ് ഏർപ്പെടുത്തുന്നതു സംബന്ധിച്ച് പരിഗണിക്കുന്നതാണ്. ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെന്റ് ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണെന്ന് ഒരുപചോദ്യത്തിനുത്തരമായി മന്ത്രി വ്യക്തമാക്കി.

30 (*243) <u>അഗ്രി അറ്റ് സ്കൂൾ</u>

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി) നൽകിയ മറുപടിയിൽ, യുവതലമുറയിൽ കൃഷിയോട് ആഭിമുഖ്യം

ജനിപ്പിക്കുന്നതിനായി സ്കൂളുകളിൽ നടപ്പിലാക്കിയ 'അഗ്രി അറ്റ് സ്കൂൾ' പദ്ധതി പൊതുവെ വിജയപ്രദമായിരുന്നുവെന്ന് സഭയെ അറിയിച്ചു. കൃഷി വകുപ്പിന് കീഴിലുള്ള പച്ചക്കറി, പഴം വികസന കൗൺസിലിന്റെ (വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, കേരള) ആഭിമുഖ്യ ത്തിൽ 2006 ജൂൺ മാസത്തിൽ ഉദ്ഘാടനം ചെയ്ത ഈ പരിപാടിയുടെ ലക്ഷ്യം യുവതലമുറയിൽ കൃഷിയോടുള്ള ആഭിമുഖ്യം വളർത്തുക എന്നതായിരുന്നു. 2006-07 വർഷത്തിൽ 14 ജില്ലകളിലായി 762 സ്കൂളുകളി ലാണ് ഈ പദ്ധതി നടപ്പിലാക്കിയത്. ഈ വർഷത്തിലും (2007-08) പദ്ധതി നടന്നുവരുന്നു. ജീവനക്കാരുടെ പരിമിതി ഉണ്ടെങ്കിലും അടുത്ത വർഷവും (2008-2009) ഈ പദ്ധതിയിൽ താൽപര്യമുള്ള സ്കൂളുകൾക്ക് വിത്തും സാങ്കേതിക പരിശീലനവും നൽകാൻ ഉദ്ദേശിക്കുന്നതായി വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, കേരള അറിയിച്ചിട്ടുണ്ട്. കൃഷി വകുപ്പിന്റെ പൂർണ്ണ സഹകരണം ഉറപ്പാക്കാൻ പ്രസ്തുത വകുപ്പുമായി ആവശ്യമായ ചർച്ച നടത്തുന്നുതാണ്. സ്കൂളുകളിൽ ഫാം ക്ളബ്ബുകൾ ആരംഭിക്കുന്നതിനെപ്പറ്റി കൃഷി വകുപ്പുമായി ചർച്ചചെയ്ത് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. പാഠ്യപദ്ധതി പരിഷ്ക്കരണ വേളയിൽ കുട്ടികളിൽ കൃഷിയോടുള്ള താൽപര്യം വളർത്തുന്ന തരത്തിലുള്ള പാഠങ്ങൾ ഉൾപ്പെടുത്തുന്നതിന് വേണ്ടത്ര പ്രാധാന്യം നൽകുന്നതാണ്. റവന്യൂ, കൃഷി എന്നീ വകുപ്പുകളുമായി ചർച്ചചെയ്ത് തരിശ് ഭൂമികളിൽ പച്ചക്കറി കൃഷി ചെയ്യുന്നകാര്യം ആലോചിക്കുന്നതാണ്. ജൈവ കൃഷി പ്രോൽസാഹിപ്പി ക്കേണ്ടതും ആവശ്യമാണ്. സ്കൂൾ കുട്ടികളുടെ വീടുകളിൽ പച്ചക്കറി കൃഷി

ചെയ്ത് അവ സ്കൂൾ ഉച്ചഭക്ഷണത്തിന് ഉപയോഗപ്പെടുത്തുന്ന മലപ്പുറം ജില്ല യിലെ ഒരു സ്കൂളിലെ രീതി മറ്റ് സ്കൂളുകളിലും നടപ്പിലാക്കാൻ ശ്രമിക്കാം. സ്കൂളുകളിൽ നല്ലയിനം മാവിൻതൈകൾ വച്ചുപിടിപ്പിക്കുന്ന കാര്യവും പരിഗണിക്കാവുന്നതാണ്. ആറളം ഫാമിൽ കാർഷിക ഗവേഷണ ശാല ആരംഭിക്കുന്ന കാര്യം കൃഷി വകുപ്പുമായി ചർച്ച ചെയ്ത് പരിശോധിക്കുന്ന താണ്. 'അഗ്രി അറ്റ് സ്കൂൾ' എന്ന പദ്ധതിയുടെ പേര് മാറ്റുന്ന കാര്യം ഗവണ്മെന്റ് ഗൗരവമായി എടുക്കുന്നുണ്ട്. ഈ പദ്ധതിയുടെ വിശദാംശ ങ്ങളിൽ പൂർണ്ണത വരുത്താൻ കഴിയുന്ന തരത്തിലുള്ള തീരുമാനം എടുക്കുന്ന തിനായി കൃഷി വകുപ്പിലേയും വിദ്യാഭ്യാസ വകുപ്പിലേയും ഉദ്യോഗസ്ഥരുടെ ഒരു യോഗം ചേരുന്നതാണ്. സ്കൂളുകളിൽ കാർഷിക പ്രദർശനം നടത്തുന്ന കാര്യവും പരിഗണിക്കുന്നതാണ്. വിദ്യാർത്ഥികളിൽ കാർഷിക അവബോധം വളർത്തുന്നതിന് കൂട്ടായ പ്രയത്നം ആവശ്യമാണ്. കഴിഞ്ഞ വർഷം ഈ പദ്ധതി നടപ്പിലാക്കിയപ്പോൾ ചില പ്രായോഗിക ബുദ്ധിമുട്ടുകളുണ്ടായി. മൊത്തം 65.38 ഏക്കറിൽ കൃഷി നടത്തി 43.35 ടൺ പച്ചക്കറിയാണ് ഉൽപാ ദിപ്പിച്ചത്. ഈ വർഷം ഈ പദ്ധതി വിജയകരമായി നടപ്പിലാക്കാനും കൂടു തൽ സ്കൂളുകളിലേയ്ക്ക് വ്യാപിപ്പിക്കാനും ബന്ധപ്പെട്ടവരുമായി ചർച്ച നടത്തി തീരുമാനിക്കുന്നതാണെന്ന് ഒരുപചോദ്യത്തിനുത്തരമായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട 244 മുതൽ 270 വരെയുള്ള (27) ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 2274 മുതൽ 2600 വരെയുള്ള ചോദ്യങ്ങളിൽ 85 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി)